**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 435** **16-09-2025 - ൽ മറുപടിയ്ക്ക്**

**വിളപ്പിൽ പഞ്ചായത്തിന് കളിസ്ഥലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | വിളപ്പിൽ പഞ്ചായത്തിന് കളിസ്ഥലം വാങ്ങുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; പ്രസ്തുത പ്രൊപ്പോസൽ ഗവൺമെന്റിൽ സമർപ്പിക്കപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ; നടപടികൾ വേഗത്തിലാക്കി കളിസ്ഥലം യാഥാർത്ഥ്യമാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകുമോ? | (എ) | വിളപ്പിൽ ഗ്രാമപഞ്ചായത്തിൽ കളിസ്ഥലം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ 02/05/2025-ലെ LSGD/PD/19692/2024-DPLA-4 നമ്പർ കത്ത് പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ സമർപ്പിക്കുകയും ആയത് സംബന്ധിച്ച് ആർ.ഇ1/191/2025/തസ്വഭവ നമ്പർ ഫയലിൽ തുടർനടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി പ്രൊപ്പോസലിൽ വ്യക്തത വരുത്തുന്നതിനായി പ്രിൻസിപ്പൽ ഡയറക്ടറോട് 10/06/2025-ൽ ആവശ്യപ്പെട്ടിരുന്ന അധികവിവരങ്ങൾ സംബന്ധിച്ച റിപ്പോർട്ട് 10/09/2025-ൽ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. പ്രൊപ്പോസൽ പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ